**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **16-09-2025 - ൽ മറുപടിയ്ക്ക്**

# ആശാവർക്കർമാരുടെ സമരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ ഇരുന്നൂറ് ദിവസത്തിൽ അധികമായി നടത്തിക്കൊണ്ടിരിക്കുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ആശാവർക്കർമാർ ഉന്നയിച്ച ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമോ; | (ബി) | ആശാ പ്രവർത്തകർ ഉന്നയിച്ചിരുന്ന വിവിധ ആവശ്യങ്ങളിൽ പലതും നടപ്പിലാക്കുകയും മറ്റുള്ളവ പരിശോധിച്ച് വരികയുമാണ്. ആശാ പ്രവർത്തകരോട് അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാരിനുള്ളത്. ആയത് തുടരുന്നതുമാണ്. |
| (സി) | ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | ആശമാരുടെ ഹോണറേറിയം സർക്കാർ കാലോചിതമായി വർദ്ധിപ്പിച്ചു വരുന്നുണ്ട്. 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ ആണ് ആശമാർക്ക് ആദ്യമായി 300 രൂപ പ്രതിമാസ ഹോണറേറിയം നൽകുന്നതിന് തീരുമാനിച്ചിരുന്നത്. അതിനുശേഷം ഘട്ടം ഘട്ടമായി ഈ തുക വർദ്ധിപ്പിച്ച് 2023 ഡിസംബർ മുതൽ പ്രതിമാസം 7000 രൂപ വരെയാക്കി. വർദ്ധനവിന്റെ തോത് ചുവടെ ചേർക്കുന്നു. |

| Year | Amount |
|---|---|
| 2011-12 | 300 |
| 2011 July | 500 |
| 2012-13 | 600 |
| 2013-14 | 700 |
| 2014-15 | 900 |
| 2015-16 | 1000 |
| 2016-17 | 1500 |
| 2017-18 | 2000 |

| | |
|---|---|
| 2018-19 | 4000 |
| 2019-20 | 4500 |
| 2020-21 | 5000 |
| 2021-22 | 6000 |
| 2023 December | 7000 |

സെക്ഷൻ ഓഫീസർ